Week-2

# <u>Weekly Devotions- '2016' January</u>.

## Remember Your Creator in Youth - ECC:(12:1)

<u>യൗവ്വനകാലത്ത് സ്രഷ്ടാവിനെ ഓർക്കുക</u>




ജനുവരി '12' ദേശീയ യുവജന ദിനമായി കണക്കാക്കുന്നു. ധൈര്യ വും, ശക്തിയും, ഭാവിയുടെ കാഴ്ചപ്പാടും ഉള്ള യുവജനങ്ങൾ ഭൗമീക രാജ്യത്തിനു മാത്രമല്ല, സ്വർഗ്ഗരാജ്യത്തിന്റെയും നിർമ്മാണത്തിന് വിലയേറി യവരാണ്.

"മക്കളേ! അപ്പന്റെ പ്രബോധനം കേട്ട് വിവേകം പ്രാപിക്കേണ്ടതിന് ശ്രദ്ധിപ്പീൻ" എന്ന് സദൃ :(4:1)ൽ കാണുന്നു. പിതാക്കൻമാരുടെ വാക്കുകൾ ശ്രദ്ധിക്കുന്ന മക്കൾ അനുഗ്രഹിക്കപ്പെടുമെന്നും, അശ്രദ്ധകാട്ടിയാൽ ജീവിതം തകരുമെന്നും ശലോമോൻ രാജാവിന്റെ ജീവിതത്തിൽ നിന്ന് മന

സ്സിലാകുന്നു.  ഈ ആധുനീക യുഗത്തിൽ സ്വർഗ്ഗീയ അപ്പന്റെ വാക്കും, ഭൗമീക അപ്പന്റെ വാക്കും ശ്രദ്ധിക്കാതെ നശിക്കുന്നവർ അനേകരാണ്. യൗവ്വനകാലത്ത് സ്രഷ്ടാവിനെ ഓർത്ത ധീരനായ വിശ്വാസിയാണ് യോസഫ്.

പഴയനിയമത്തിലെ യോശിയാവിന്റെ ജീവിതത്തെപ്പറ്റി ചിന്തിക്കുന്നത് അനുചിതമാണെന്ന് കരുതുന്നു. എട്ടാം വയസ്സിൽ രാജ്യഭാരം ഏല്ക്കേണ്ടി വന്നു എങ്കിലും പിതാവായ ദാവീദിന്റെ ദൈവത്തെപ്പറ്റി കേട്ടിരുന്നു. അതിനാൽ തന്റെ പതിനാറാം വയസ്സിൽ യഹോവയെ അന്വേഷിച്ച് കണ്ടെത്തുവാൻ ഈ യുവാവിന് കഴിഞ്ഞു.--2ദിന:(34:1-3). (മാതാപിതാക്കൾ ദൈവത്തെ കണ്ടെത്തി കൂടെ നടന്നാൽ , അവരുടെ തലമുറകളും ആ വഴി വിട്ടുമാറുകയില്ല).ദൈവം ഉള്ളിൽ വരുന്നവന് അശുദ്ധിയെ കണ്ടെത്തി ശുദ്ധീകരിപ്പാനുള്ള ആർജ്ജവം ഉണ്ടാകുന്നു. സ്രഷ്ടാവാം ദൈവത്തെ മറന്ന് സൃഷ്ടിയെ ആരാധിക്കുന്ന വിഗ്രഹാരാധികളുടെ വിഗ്രഹത്തെ യോശിയാവ് നശിപ്പിച്ചു. ഇന്ന് അനേകതരം വിഗ്രഹങ്ങൾ നമ്മുടെ യുവാക്കളെ നശിപ്പിക്കുന്നതായിട്ടുണ്ട്. ആധുനീക ഇലക്ട്രോണിക് സമ്പ്രദായങ്ങളുടെ ദുരുപയോഗം, വസ്ത്രധാരണരീതി, തലമുടി സൂക്ഷിക്കൽ ഇവയുടെ വികലമായ കാഴ്ചപ്പാടുകൾ ഇവ എല്ലാം മാറ്റി യുവജനങ്ങൾ അവരവരെത്തന്നെ ശുദ്ധീകരിക്കുക.

ഇരുപത്തിയാറുമുതൽ മുപ്പത്തിഒൻപതു വരെയുള്ള കാലഘട്ടത്തിൽ ആലയത്തിന്റെ അറ്റകുറ്റം തീർക്കുവാൻ യോശിയാവ് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. (2ദിന:34:8-14).ദൈവം വസിക്കുന്ന മന്ദിരമാണ് നമ്മുടെ ശരീരം. ആലയശുദ്ധീകരണം നടത്തിയതുപോലെ നമ്മുടെ ശരീരമാകുന്ന

മന്ദിരം ശുദ്ധിചെയ്ത് പരിശുദ്ധാത്മാവ് വസിക്കുവാൻ യോഗ്യത യുള്ളതാക്കേണ്ടതാണ്. തുടർന്ന് മറ്റുള്ളവരെയും ആ ശുദ്ധീകരണത്തി ലേക്ക് നടത്തണം.

രണ്ടാമതായി ശത്രുനശിപ്പിച്ച ആലയങ്ങളുടെ ഭിത്തിയും, തുലാ ങ്ങളും ശരിയാക്കുവാൻ വേണ്ട ക്രമീകരണം ചെയ്തു. ഭിത്തിയും മേല്ക്കൂ രയും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് തുലാങ്ങൾ. യുവാക്കൻമാർ സഭയും, ദൈവവുമായി ബന്ധിപ്പിക്കുന്ന ബലമുള്ള തുലാങ്ങളാകട്ടെ.

മൂന്നാമതായി ആലയം ശുദ്ധീകരിച്ചവർ ന്യായപ്രമാണം കണ്ടെത്തി എല്ലാവരേയും കൂട്ടിവരുത്തി വായിച്ച് കേൾപ്പിച്ചു. രാജാവുൾപ്പെടെ സക ലരും യഹോവയുടെ ചട്ടങ്ങളും, കല്പനകളും പ്രമാണിക്കുമെന്ന് സത്യം ചെയ്തു. തെറ്റ് മനസ്സിലാക്കിയ ജനം കരഞ്ഞ്, ദൈവത്തോട് ക്ഷമ ചോദി ച്ചു, കാരണം വചനം പ്രമാണിക്കാത്തവരുടെ മേൽ യഹോവയുടെ കോപം വലുതെന്ന് അവർ മനസ്സിലാക്കി. തെറ്റുമനസ്സിലാക്കി ക്ഷമചോദിച്ച് വീണ്ടെ ടുപ്പിനർഹരാകുക. യോശിയാവ് തുടർന്ന് പെസഹാ ആചരിച്ചു. (2ദിന:35:1) യേശുവിന്റെ രക്തത്താൽ നിങ്ങൾ വീണ്ടെടുക്കപ്പെട്ടവരായാൽ നിങ്ങളുടെ സുഹൃത്തുക്കളെയും നേടുവാൻ കഴിയും. യോശിയാവിനെ പ്പോലെ എന്റെ ബാല്യവും യൗവ്വനവും യഹോവയ്ക്കായി ഉപയോഗിക്കു മെന്ന് ഈ പുതുവർഷം തീരുമാനം എടുക്കുവാൻ ദൈവം കൃപചെയ്യട്ടെ.

## പ്രാർത്ഥന

പിതാവേ ! ലോകമെമ്പാടുമുള്ള യുവജനങ്ങൾക്കായി പ്രാർത്ഥിക്കുന്നു.ഉപദേശങ്ങൾ കേട്ട് മറക്കുന്നവരായിട്ടല്ല, അനുസരിക്കുന്നവരായി അങ്ങയുടെ വഴിയെ നടപ്പാൻ കൃപചെയ്യേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind